(ബി) മത്സ്യകയറ്റുമതിക്കാരിൽനിന്നും മത്സ്യവ്യാപാരികളിൽനിന്നും വിഹിതം ലഭിക്കാത്തതുമൂലം ക്ഷേമനിധി ബോർഡ് നേരിട്ടു നടപ്പിലാക്കിവരുന്ന 20 ഓളം ക്ഷേമ പദ്ധതികളിൽ ലഭിക്കുന്ന അപേക്ഷകളുടെ ധനസഹായ വിതരണത്തിന് കാലതാമസം നേരിടുകയുണ്ടായി.

(സി) ഉണ്ട്. 2005-ലെ കേരള മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമ സെസ്സ് ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മഴവെള്ള സംഭരണം

*21 [172] *ശ്രീ. എ. എ. അസീസ്:*

„ *കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴവെള്ളം സംഭരിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് സംസ്ഥാന സർക്കാർ നടപ്പിലാക്കുന്നത്;

(ബി) ഇതിലേക്ക് എന്ത് തുകയാണ് വകയിരുത്തിയിട്ടുള്ളതെന്നും ഇതിനായി വിദേശസഹായമുണ്ടെങ്കിൽ അത് എത്രയാണെന്നും വ്യക്തമാക്കുമോ;

(സി) മഴവെള്ള സംഭരണവുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ഡി) 'മഴകേന്ദ്ര'ത്തിന്റെ പ്രവർത്തനം ശക്തിപ്പെടുത്താൻ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കിവരുന്ന 'വർഷ', ജലനിധി നടപ്പിലാക്കി വരുന്ന 'മഴവെള്ളക്കൊയ്ത്ത്' എന്നീ പദ്ധതികൾ.

(ബി) 90% കേന്ദ്ര സർക്കാർ സഹായം ലഭിക്കുന്ന 'വർഷ' പദ്ധതിക്ക് ഇതുവരെ 613.98 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതിക്ക് ഈ സാമ്പത്തികവർഷം കേന്ദ്ര സഹായം ഒന്നും അനുവദിച്ചിട്ടില്ല. മഴവെള്ളക്കൊയ്ത്ത് പദ്ധതിക്ക് കേരള സർക്കാർ വിഹിതം 1.45 കോടി രൂപയും ലോകബാങ്ക് വിഹിതം 1.90 കോടി രൂപയുമാണ്. ഈ വർഷം സംസ്ഥാന സർക്കാർ തുക വകയിരുത്തിയിട്ടില്ല. 90% കേന്ദ്ര സഹായത്തോടെയും 10% ഉപഭോക്തൃ വിഹിതത്തോടെയും നടപ്പിലാക്കുന്നു.

(സി) കേരള വാട്ടർ അതോറിറ്റി മേൽക്കൂര മഴവെള്ള സംഭരണ പദ്ധതിയായ 'വർഷ പദ്ധതി' 2002 മുതൽ തുടങ്ങി. ആകെ 1048 യൂണിറ്റുകൾ പൂർത്തീകരിച്ചു. മഴവെള്ള സംഭരണവുമായി ബന്ധപ്പെട്ട് ജലനിധി താഴെ പറയുന്ന കാര്യങ്ങൾ നടപ്പിലാക്കി.

എല്ലാ ജില്ലയിലും 50 മേസ്തിരിമാരെ ഫെറോസിമന്റ് സാങ്കേതികവിദ്യയിൽ പരിശീലനം നൽകി സജ്ജരാക്കി. എല്ലാ ജില്ലയിലും 10000 ലിറ്റർ സംഭരണ ശേഷിയുള്ള 35 സംഭരണികൾ നിർമ്മിച്ചുവരുന്നു. മഴവെള്ള സംഭരണത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുവാൻ കൈപ്പുസ്തകങ്ങൾ, ലഘുലേഖകൾ, പോസ്റ്ററുകൾ, സിനിമ സ്ലൈഡുകൾ, സ്റ്റിക്കറുകൾ, മതിലെഴുത്തുകൾ, കെ.എസ്.ആർ.ടി.സി. ബസ്സിൽ പരസ്യങ്ങൾ, സെമിനാറുകൾ, ടി. വി. ചാനലുകൾവഴിയുള്ള പരസ്യങ്ങൾ, ഡോക്യുമെന്ററികൾ, ആകാശവാണിവഴിയുള്ള പരിപാടികൾ തുടങ്ങിയ വിവിധ ബോധവൽക്കരണ പ്രചാരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. കേരളത്തിലെ ഗവ. മെഡിക്കൽ കോളേജുകൾ, ഗവ. വെറ്ററിനറി കോളേജ്, യൂണിവേഴ്സിറ്റി കോളേജ്, വിദ്യാലയങ്ങൾ തുടങ്ങി 64-ഓളം സ്ഥാപനങ്ങളിൽ സമഗ്ര മഴവെള്ള സംഭരണത്തിലധിഷ്ഠിതമായ ജലവിതരണ പദ്ധതികൾ നടപ്പിലാക്കാൻ തുടങ്ങി. എല്ലാ ജില്ലകളിലും 25 വകുപ്പുതല എൻജിനീയർമാർക്ക് ഫെറോസിമന്റ് ടെക്നോളജിയിൽ പരിശീലനം നൽകിവരുന്നു.

(ഡി) മഴകേന്ദ്രത്തിന്റെ സുഗമമായ പ്രവർത്തനത്തിന് ഒരു മാനേജർ, എക്സ്റ്റൻഷൻ കോ-ഓർഡിനേറ്റർ, ടെക്നിക്കൽ സൂപ്പർവൈസർ എന്നിവരെ നിയമിച്ചിട്ടുണ്ട്. കേരള ഗ്രാമീണ ശുദ്ധജലവിതരണ ശുചിത്വ ഏജൻസിയുടെകീഴിൽ 'മഴകേന്ദ്രം' പ്രവർത്തിച്ചുവരുന്നു. കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ ഏജൻസിവഴി നടപ്പിലാക്കുന്ന മഴവെള്ള സംഭരണ പ്രചാരണ പരിപാടിയുടെ ഭാഗമായി നിർമ്മിതി കേന്ദ്രത്തിൽ ഒരു മഴകേന്ദ്രം ആഗസ്റ്റിൽ പൂർത്തിയാകും. മഴവെള്ള സംഭരണ/ഭൂജല പരിപോഷണ മാർഗ്ഗങ്ങളുടെ ഡെമോ യൂണിറ്റുകൾ, മഴമാപിനി, മഴയുടെ സ്ഥിതിവിവരണ കണക്കുകൾ തുടങ്ങി പൊതുജനങ്ങൾക്ക് മഴവെള്ള സംഭരണവുമായി ബന്ധപ്പെട്ട ഏത് സംശയങ്ങൾക്കും സമീപിക്കാവുന്ന ഒന്നായിരിക്കും ഇത്. ഒരു എക്സ്റ്റൻഷൻ കോ-ഓർഡിനേറ്റർ ഇതിൽ പ്രവർത്തിക്കും.

കുടിവെള്ളക്ഷാമം പരിഹരിക്കാൻ നടപടി

*22 [173] *ശ്രീ. സി. മോയിൻകുട്ടി:*
„ *സി. ടി. അഹമ്മദ് അലി:*
„ *നാലകത്ത് സൂപ്പി:*
„ *സി. മമ്മൂട്ടി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ചില ഭാഗങ്ങളിൽ കുടിവെള്ളക്ഷാമം രൂക്ഷമാണെന്നുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly